ള്ള അപേക്ഷയിൽ പറയുന്ന സംഗതികൾ വല്ലതും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടിസുവേണം. നിശ്ചയമില്ല.

മിസ്റ്റർ എ. ശങ്കരപ്പിള്ളവാര്യം.—അധഃകൃതരെല്ലാവരും ഭജനമഠം ഉപയോഗിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ. എല്ലാവരും ഉപയോഗിക്കുന്നുണ്ടെന്നാണറിഞ്ഞിട്ടു്.

Depressed Classes' Conference—resolutions of.

253. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂളിൽവച്ചു് വിദ്യാഭ്യാസമേലധ്യക്ഷൻ അവർകളുടെ അദ്ധ്യക്ഷത്തിൽ കൂടിയ അധഃകൃത സമ്മേളനത്തിൽ പാസാക്കിയ പ്രമേയത്തിന്റെ ഒരു കാപ്പി ഈ മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മ തമ്പുരാൻ.—കാപ്പി മേശപ്പുറത്തു വച്ചിരിയ്ക്കുന്നു. (*Appendix I.*)

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ ഓരോ പ്രമേയങ്ങളെ സംബന്ധിച്ചും എന്തു നടപടി നടത്തിയെന്നു പറയുവാൻ ഗവ മ്മെൻറിനു് ഭയമുണ്ടാകുമോ?

രാമവമ്മതമ്പുരാൻ.—അവക്കു പുറമ്പോക്കു പതിച്ചുകൊടുക്കുന്നതിനു്. എല്ലാസ്ഥലങ്ങളിലേയ്ക്കും general orders അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എം ഇബ്രാഹിം.—ബാക്കിയുള്ള പ്രമേയങ്ങളെ സംബന്ധിച്ചു് എന്തുനടപടി നടത്തി?

രാമവമ്മതമ്പുരാൻ.—ബാക്കിയുള്ളവയെ സംബന്ധിച്ചു് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിൽനിന്നു് ഒരു സംഖ്യ മാറണമെന്നാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതു് sanction ചെയ്തിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ മീറ്റിംഗിൽനിന്നു് അയച്ചിട്ടുള്ള എല്ലാ റസല്യൂഷൻസും ഇതിൽ ചേർത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടെന്നാണു് തോന്നുന്നതു്; അതിന്റെ ഒരു കാപ്പിയാണിതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—എനിക്കു കിട്ടിയിട്ടുള്ള കാപ്പിയിൽ എല്ലാഭാഗങ്ങളും ചേർത്തിട്ടില്ലെന്നാണു തോന്നുന്നതു്?

രാമവമ്മതമ്പുരാൻ.—വിട്ടുപോയിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃതരുടെ ശ്രീകരണത്തെപ്പറ്റിയുള്ള പ്രമേയത്തെ സംബന്ധിച്ചു് വല്ലതും ചെയ്തുകൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—രണ്ടാം പാരയിൽ പറഞ്ഞിട്ടുള്ള സംഗതി അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.—വല്ല final orders-ം അയച്ചു കഴിഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

Appointment of Peon in the Protector's Office.

254. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷക ഡിപ്പാർട്ട്മെണ്ടിൽ പ്രായപൂർത്തിയാകാത്ത ജോലിയിൽ ഇരുന്ന ഒരാൾ വിദ്യാഭ്യാസത്തിനായിപ്പോകയാലുണ്ടായ ഒഴിവിൽ നിയമിച്ച ആൾ ഏതു സമുദായത്തിൽ പെട്ടവനാണ്?

രാമവർമ്മ തമ്പുരാൻ.—തീയസമുദായത്തിൽ പെട്ടവനാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ നിയമനം തീയസമുദായത്തിൽനിന്നു വച്ചിട്ടുള്ളതു്, ഗവർമ്മെൻറിൽനിന്നു പ്രത്യേകം അധികൃതർക്കു് ഉദ്യോഗം കൊടുക്കുന്നില്ലെന്നുള്ള കായ്ത്തിൽ ഗവർമ്മെൻറിനു പ്രയാസപ്പെടുത്തുമെന്നു പറഞ്ഞിരിക്കുന്നതിനു ശരിയാണോ?

രാമവർമ്മതമ്പുരാൻ.—ഏതുവിധത്തിലാണു് ആ appointment നടത്തിയതെന്നു നിശ്ചയമില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ ഉദ്യോഗത്തിനു് അധികൃതരിൽ നിന്നാരെങ്കിലും അപേക്ഷകരുണ്ടായിരുന്നോ?

രാമവർമ്മതമ്പുരാൻ.—അധികൃതരിൽനിന്നു് അപേക്ഷകന്മാരുണ്ടായിരുന്നോ എന്നുള്ളതിനെപ്പറ്റി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഈ കായ്ത്തിൽ നിഷ്കൃഷ്ടയായിട്ടു് അന്വേഷിച്ചു വേണ്ടതു ചെയ്യുമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചു് വേണ്ടതു ചെയ്യാം.

മിസ്റ്റർ കെ. അയ്യപ്പൻ.—അപേക്ഷകന്മാർ ഇല്ലെങ്കിൽ ഉണ്ടോ എന്നന്വേഷിച്ചു് നിയമിക്കുവാൻ ദയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—അതും ചെയ്യാം.

Kuzhur road through the Mala Valiaparamba—use by Depressed Classes.

255 മിസ്റ്റർ കെ പി. വള്ളോൻ.—(എ) മാള വലിയപറമ്പിൽക്കൂടി തെക്കോട്ടുള്ള കുഴൂർ റോഡിൽ കൂടി അവർണ്ണസമുദായക്കാർക്കു് ഗതാഗതം ചെയ്യാൻ വല്ല വിരോധവുമുണ്ടോ;

(ബി). ടി റോഡിൽക്കൂടി വണ്ടിയിൽ പോകുകയായിരുന്നു കൊണ്ടുപോയ ഒരു ഈഴവനെ പോലീസു പിടിച്ചു കൊണ്ടുപോയി ആക്ഷേപിക്കുവാനുള്ള കാരണമെന്തു്?

മിസ്റ്റർ പി. വി. രാഘേൽ.—(എ) മാള വലിയപറമ്പറോഡ് തെക്കോട്ടു തലക്കുളം വരെ പോകുന്നുണ്ടെങ്കിലും, കുഴൂർ ക്ഷേത്രത്തിനടുത്തുള്ള ഭാഗം ദേവസ്വം പുറമ്പോക്കായതുകൊ-

LIBRARY ARCHIVES Kerala Legislative Assembly